# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2800 — 12.03.2018-ൽ മറുപടിക്ക്

## സമുദ്രോല്പന്ന കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഇന്ത്യയിൽ നിന്നുമുള്ള സമുദ്രോല്പന്ന കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം അളവിലും മൂല്യത്തിലും കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. |
| ബി) | എങ്കിൽ ഇത് വർദ്ധിപ്പിക്കാനുള്ള എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | മത്സ്യക്കയറ്റുമതി വിഹിതം കുറയാനുള്ള പ്രധാന കാരണങ്ങൾ മത്സ്യബന്ധനത്തിലൂടെയുള്ള ഉല്പാദനം കുറഞ്ഞതും മത്സ്യകൃഷിയിൽ നിന്നുള്ള ഉല്പാദനം കാര്യമാത്ര പ്രസക്തമായി വർദ്ധിക്കാത്തതുമാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ജലകൃഷിയിൽ നിന്നുള്ള ഉല്പാദനം നാൾക്കുനാൾ വർദ്ധിച്ചു വരുന്നതും കേരളത്തിന്റെ കയറ്റുമതി ശതമാന വിഹിതം (രാജ്യത്തിന്റെ ആകെ കയറ്റുമതിയിൽ കേരളത്തിന്റെ ശതമാന വിഹിതം) കുറയുന്നതിന് കാരണമായിട്ടു ണ്ട്.<br>കേരളത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിന് ചെമ്മീൻ, ഞണ്ട്, കൂന്തൽ, കണവ, ഉയർന്ന മൂല്യമുള്ള മറ്റ് മത്സ്യഇനങ്ങൾ എന്നിവയുടെ ഉല്പാദനം കൂട്ടേണ്ടതായിട്ടു ണ്ട്. ഇതിനായി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടു ണ്ട്.<br>ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി, കടലിലെ കൂടുകൃഷി പദ്ധതി, സീ-റാഞ്ചിംഗ് പദ്ധതി എന്നിവ ഏറെ പ്രാധാന്യമർഹിക്കുന്നു. ഇതിന് പുറമെ മൂല്യം താരതമ്യേന കുറഞ്ഞ കുഞ്ഞു മത്സ്യങ്ങളെ പിടിക്കുന്നത് ഒഴിവാക്കാൻ നടപടികൾ എ ടുത്തിട്ടു ണ്ട്. 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിഷ്ക്കർഷിച്ചു കൊ ണ്ട് വിജ്ഞാപനം ഇതിനകം തന്നെ ഇറക്കിയിട്ടു ണ്ട്. അതുപോലെ മത്സ്യബന്ധന വലകളുടെ കുറഞ്ഞ കണ്ണി വലിപ്പവും നിഷ്ക്കർഷിച്ചിട്ടു ണ്ട്. കൂന്തൽ, കണവ എന്നിവയുടെ വിഭവ ശോഷണത്തിന് ഹേതുവാകുന്ന ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസസ്(FAD) ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ